TRIDA **Thiruvananthapuram Development Authority**
Jayamansion, Vazhuthacaud, Sasthamangalam. P.O.,
Thiruvananthapuram – 695 010.
Phone: 2722748, 2722238, 2723177 Fax: 2726615
email: tridasecretary@gmail.com website: www.trida.kerala.gov.in

നമ്പർ 3172/2024/എസ്പിവി ട്രിഡ 21/10/2024

## ക്വട്ടേഷൻ നോട്ടീസ്

തിരുവനന്തപുരം വികസന അതോറിറ്റിയിലെ നഗരസൗന്ദര്യവൽക്കരണ പദ്ധതി - SPV യുടെ ഔദ്യോഗിക ആവശ്യത്തിന് മൂന്ന് വർഷത്തിലധികം പഴക്കമില്ലാത്ത ഒരു 5 സീറ്റർ (4+1) (Maruthi Swift Dezire, Toyota Etios, Maruthi Ertiga മുതലായവയോ സമാന നിലവാരമുള്ള മറ്റുള്ളവയോ) വാഹനം ഒരു വർഷത്തേയ്ക്ക് മാസ വാടകയ്ക്ക് നൽകാൻ താൽപര്യമുള്ള വ്യക്തികൾ/ ഏജൻസി കളിൽ നിന്നും മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വട്ടേഷനുകൾ 06/11/24ന് 3.00 മണിക്ക് മുമ്പായി വഴുതക്കാടുള്ള ട്രിഡ ഓഫീസിൽ സമർപ്പിക്കേണ്ട താണ്. ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി കരാർ വയ്ക്കേണ്ടതും വാഹനവും ഡ്രൈവറും രാവിലെ 9 മണിമുതൽ 6 മണിവരെ ലഭ്യമാക്കേണ്ടതും അടിയന്തിര ഘട്ടത്തിൽ ആവശ്യപ്പെടുന്ന മുറയ്ക്കും വാഹനം ലഭ്യമാക്കേണ്ടതുമാണ്. ഒരു വർഷം പൂർത്തിയാകുന്ന മുറയ്ക്ക് 12000 കിലോ മീറ്ററിൽ കൂടുതൽ ഓടുന്ന പക്ഷം ഓരോ അധിക കിലോമീറ്ററിനും വേണ്ടി വരുന്ന തുക കൂടി പ്രതിമാസ വാടകയ്ക്ക് പുറമെ ക്വട്ടേഷനിൽ പ്രത്യേകം കാണിച്ചിരിക്കണം. വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ടാക്സി പെർമിറ്റ്, ഇൻഷ്വറൻസ്, PUC എന്നിവയുടെ പകർപ്പും നിരതദ്രവ്യമായി 1000/-രൂപയുടെ ഡി ഡിയും (ട്രിഡ സെക്രട്ടറിയുടെ പേരിലുള്ളത്) ക്വട്ടേഷനോടൊപ്പം ഹാജരാ ക്കേണ്ടതാണ്. ലഭിക്കുന്ന ക്വട്ടേഷനുകൾ അന്നുതന്നെ വൈകുന്നേരം 4-ന് ഹാജരുള്ള ക്വട്ടേഷൻകാരുടെ സാന്നിദ്ധ്യത്തിൽ തുറന്നു പരിശോധിക്കുന്നതുമാണ്. ക്വട്ടേഷൻ ദിവസം ഏതെങ്കിലും കാരണവശാൽ പൊതു അവധിയാകുന്നപക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയം വരെ ക്വട്ടേഷനുകൾ സ്വീകരിക്കുന്നതാണ്. യാതൊരു ക്വട്ടേഷനും കാരണം കാണിക്കാതെ നിരസിക്കുവാനുള്ള അധികാരം ട്രിഡാ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. കൂടുതൽ വിവരങ്ങൾ ട്രിഡ വെബ്സൈറ്റിൽ നിന്നും

www.trida.kerala.gov.in ട്രിഡ SPV നോഡൽ ഓഫീസറിൽ നിന്നും ഓഫീസ് സമയത്ത് അന്വേഷിച്ചറിയാവുന്നതാണ്.

ഒപ്പ്/-
സെക്രട്ടറി

ഉത്തരവിൻപ്രകാരം

അഡ്‌മിനിസ്ട്രേറ്റീവ് & റവന്യൂ ഓഫീസർ

പകർപ്പ് : 1) ചീഫ് എഞ്ചിനീയർ, നോഡൽ ഓഫീസർ, SPV 21/10/24
2) സാഫല്യം കോംപ്ലക്സ്
3) കേദാരം കോംപ്ലക്സ്
4) ട്രിഡാ സെന്റർ, മെഡിക്കൽ കോളേജ്
5) സോപാനം കോംപ്ലക്സ്, മെഡിക്കൽകോളേജ്
6) ട്രിഡാ നോട്ടീസ് ബോർഡ്

p/-